നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ അതിൽ അംഗമാണെന്ന് മാത്രമല്ല ഇന്നലെ കൂടിയ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷംവഹിച്ചത് ഞാനാണ്.

റൂളിംഗ്

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റിയിൽ അംഗമായാൽ മതി.

VI. ധനകാര്യം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേയ്ക്ക് 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII. ക്രമപ്രശ്നം

ഡിലേ സ്റ്റേറ്റ്മെന്റ്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, Rule 47-ൽ പറയുന്നത്, 47(2) If an answer to a question is in interim reply, the final reply to that question shall be given at the earliest, but not later than 15 days from the date on which the question is placed in the list:

Provided that if such answers could not be given within the time limit specified under sub-rule (2), the Minister concerned shall lay on the Table a statement explaining the reasons thereof in the current session or in the next session of the Assembly whichever is earlier. ഇത് ബുള്ളറ്റിൻ ആണ് (ശ്രീ. ആര്യാടൻ മുഹമ്മദ് ബുള്ളറ്റിൻ സഭയിൽ ഉയർത്തിക്കാട്ടി) ബുള്ളറ്റിൻ ഭാഗം 2, നവംബർ 8, 2010., 29-6-2010 മുതൽ അന്ന് ചേർന്ന നിയമസഭയിലെ 23-7-2010 വരെ 253 ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടില്ല. ഈ റൂൾ അനുസരിച്ച് 15 ദിവസം കൊണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം തരണം. അങ്ങനെ 15 ദിവസം കൊണ്ട് ഉത്തരം തന്നില്ലെങ്കിൽ അത് എന്തുകൊണ്ട് ആൻസർ ചെയ്യാൻ സാധിച്ചില്ല എന്ന കാരണത്തെക്കുറിച്ച് ഓരോ മന്ത്രിമാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് lay ചെയ്യണം. അത് ചെയ്യേണ്ടത് ആ സഭയിൽ തന്നെ അല്ലെങ്കിൽ അടുത്ത സഭയിൽ whichever is earlier എന്നാണ് റൂളിൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ കഴിഞ്ഞ സഭയിൽ നൽകേണ്ടതാണ്. ഇന്നുവരെ ഒരൊറ്റ മന്ത്രിമാരും ആ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചിട്ടില്ല. ഇത് ഗുരുതരമായ പാളിച്ചയാണ്.

LIBRARY ARCHIVES Kerala Legislative Assembly